**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E2-7226/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 8.6.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. മഹേഷ്.എസ്.എസ്
പഴവീട്ടുവിളാകം വീട്,
ചെറിയകൊല്ല പി.ഒ
തിരുവനന്തപുരം-695504.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 04.06.18-ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള ക്ലർക്ക് തസ്തികകളുടെ എണ്ണം 44 (നാൽപ്പത്തി നാല്) ആകുന്നു.
2. 2018 മാർച്ചിൽ ഈ വകുപ്പിൽ നിന്നും NJD ഉൾപ്പെടെ 7 ഒഴിവുകൾ PSCയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ആശ്രിത നിയമനം / അന്തർജില്ലാ / വകുപ്പ് മാറ്റം / തസ്തികമാറ്റം/ സ്ഥാനക്കയറ്റം എന്നീ നിയമനങ്ങൾക്കായി ഒഴിവുകൾ മാറ്റിവയ്ക്കപ്പെട്ടിട്ടില്ല.
3. 2018 ഏപ്രിൽ 30 വരെ ഈ വകുപ്പിൽ രണ്ട് അപേക്ഷകർക്ക് ആശ്രിത നിയമനം നൽകുവാനുണ്ട്.
4. ആശ്രിത നിയമനത്തിന് ഈ വകുപ്പിനായി മാത്രം പ്രത്യേക മാനദണ്ഡമില്ല. ആശ്രിത നിയമനത്തിന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ തന്നെയാണ് ഈ വകുപ്പിലും സ്വീകരിക്കുന്നത്.
5. ഈ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള ക്ലർക്ക് തസ്തികയിൽ സ്ഥിര ജീവനക്കാരില്ലാതെ ഒഴിവുകൾ ഒന്നും തന്നെയില്ല.

*db@18*

6. ഈ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം / കരാർ അടിസ്ഥാനം, ദിവസവേതനം തുടങ്ങിയ രീതികളിൽ ഉദ്യോഗസ്ഥർ ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്. രാജീവ്കുമാർ**
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18